**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3718** **09-10-2025 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയിൽ മതിയായ സ്ഥാപനങ്ങൾ ഇല്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | മലബാർ മേഖലയിൽ കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 439 കോളേജുകളും കണ്ണൂർ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 121 കോളേജുകളും എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 36 കോളേജുകളും പ്രവർത്തിക്കുന്നുണ്ട്.<br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ പയ്യന്നൂർ, തിരൂർ, കൊയിലാണ്ടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>മലബാർ മേഖലയിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ഓരോ പ്രാദേശിക കേന്ദ്രങ്ങൾ (Regional Centers) കണ്ണൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിലായി പ്രവർത്തിക്കുന്നുണ്ട്.<br><br>കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ 2-ഉം, മലപ്പുറം ജില്ലയിൽ 5-ഉം, കോഴിക്കോട് ജില്ലയിൽ 2-ഉം കണ്ണൂർ ജില്ലയിൽ 4-ഉം വയനാട് ജില്ലയിൽ 3-ഉം കാസർഗോഡ് ജില്ലയിൽ 3-ഉം സർക്കാർ/ എയ്ഡഡ് പോളിടെക്നിക് കോളേജുകൾ പ്രവർത്തിച്ചുവരുന്നു.<br><br>ഇതിനു പുറമേ മലബാർ മേഖലയിൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ 3 മോഡൽ പോളിടെക്നിക് കോളേജുകളും, എൽ.ബി.എസ്. -നു കീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു എൽ.ബി.എസ്. ഉപകേന്ദ്രവും പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലും കണ്ണൂർ ജില്ലയിലും എൽ.ബി.എസ്. -ന്റെ മേഖല കേന്ദ്രങ്ങളും മഞ്ചേരിയിൽ എൽ.ബി.എസ്. ഉപകേന്ദ്രവും പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നിർദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്, ഇലക്ട്രിക്കൽ & കംപ്യൂട്ടർ എഞ്ചിനീയറിംഗ്, റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ് എന്നീ ബിടെക് പ്രോഗ്രാമുകൾ ഉൾപ്പെടുത്തി ചെറുവത്തൂരിൽ ഒരു ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി കോഴ്സുകൾ ആരംഭിക്കാൻ എ.ഐ.സി.ടി.ഇ. -യുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഒരു പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് 17.06.2025 -ലെ സ.ഉ.(സാധാ) 767/2025/ഉ.വി.വ. പ്രകാരം അനുമതി നൽകുകയും ഇതിനായുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കോഴിക്കോട് ജനറൽ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മലബാർ മേഖലയിൽ ഫൈൻ ആർട്സ് കോളേജ് തുടങ്ങുന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ മലബാർ മേഖലയിൽ ആകെയുള്ള 439 അഫിലിയേറ്റഡ് കോളേജുകളിൽ 8 എണ്ണം 2025-26 അക്കാദമികവർഷമാണ് ആരംഭിച്ചത്. 2026-27 അക്കാദമിക വർഷത്തിലേക്ക് പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് സർവകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കാസർഗോഡിലെ KMCT College of Engineering and Management, കോഴിക്കോടിലെ KMCT College of Technology and Management, മലപ്പുറത്തെ KMCT Institute of Engineering and Management എന്നിവ 2025-26 അക്കാദമിക വർഷത്തിൽ ആരംഭിച്ച കോളേജുകളാണ്. |

| | | | |
|---|---|---|---|
| | | | മലയാളം സർവകലാശാലയിൽ കൂടുതൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | മലബാർ മേഖലയിലെ ഉന്നതവിദ്യാഭ്യാസ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | (ബി) -യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ